# മഹാത്മാഗാന്ധി സർവ്വകലാശാല

## പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298

2021 ജൂൺ 18

# വാർത്താക്കുറിപ്പ്

---

## എം.ബി.എ. നാലാം സെമസ്റ്റർ പരീക്ഷ

മഹാത്മാഗാന്ധി സർവകലാശാല സ്കൂൾ ഓഫ് മാനേജ്മെന്റ് ആന്റ് ബിസിനസ് സ്റ്റഡീസിലെ 2020-21 എം.ബി.എ. നാലാം സെമസ്റ്റർ റഗുലർ ആന്റ് റീഅപ്പിയറൻസ് പരീക്ഷയ്ക്ക് ഇപ്പോൾ അപേക്ഷിക്കാം. വിശദവിവരം സർവകലാശാല വെബ് സൈറ്റിൽ ലഭിക്കും.

(പി.ആർ.ഒ/39/538/2021)

## അപേക്ഷ 21 വരെ

മഹാത്മാഗാന്ധി സർവ്വകലാശാലയുടെ പഞ്ചവത്സര ബി എ / ബി കോം/ബി. ബി. എ - എൽ.എൽ.ബി കോഴ്സ് വിജയകരമായി പൂർത്തിയാക്കിയവരിൽ കൺസോളിഡേറ്റഡ് മാർക്ക് ലിസ്റ്റ്, പ്രൊവിഷണൽ സർട്ടിഫിക്കറ്റ് എന്നിവ ആവശ്യമുള്ളവർ നിശ്ചിത ഫീസൊടുക്കി സർവ്വകലാശാലയുടെ ഓൺലൈൻ ആപ്ലിക്കേഷൻ പോർട്ടൽ മുഖേന ജൂൺ 21 വൈകിട്ട് 5ന് മുൻപ് അപേക്ഷ നൽകണമെന്ന് പരീക്ഷാ കൺട്രോളർ അറിയിച്ചു.

(പി.ആർ.ഒ/39/539/2021)

## എം.ജി: സർട്ടിഫിക്കറ്റ് കോഴ്സുകൾ

മഹാത്മാഗാന്ധി സർവകലാശാല ഡിപ്പാർട്ട്മെന്റ് ഓഫ് ലൈഫ്ലോങ് ലേണിംഗ് ആന്റ് എക്സ്റ്റൻഷൻ നടത്തിവരുന്ന വിവിധ സർട്ടിഫിക്കറ്റ് കോഴ്സുകളിൽ പ്രവേശനത്തിന് അപേക്ഷ ക്ഷണിച്ചു. 120 മണിക്കൂറാണ് കോഴ്സ് ദൈർഘ്യം. ഫീസ് 5200 രൂപ. പ്രീഡിഗ്രി/പ്ലസ്ടു ജയിച്ചിരിക്കണം.

കോഴ്സുകൾ: സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ കൗൺസിലിംഗ്, സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ മാനേജ്മെന്റ് ഓഫ് ലേണിംഗ് ഡിസെബിലിറ്റീസ്, സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ യോഗിക് സയൻസ്, സർട്ടിഫിക്കറ്റ് പ്രോഗ്രാം ഇൻ ഗ്രാഫിക് ഡിസൈനിംഗ് ആന്റ് യു ഐ എക്സ്പർട്ടൈസ്, സർട്ടിഫിക്കറ്റ് പ്രോഗ്രാം ഇൻ ഫങ്ഷണൽ ഇംഗ്ലീഷ്, സർട്ടിഫിക്കറ്റ് പ്രോഗ്രാം ഇൻ ഡിജിറ്റൽ മാർക്കറ്റിംഗ്, സർട്ടിഫിക്കറ്റ് പ്രോഗ്രാം ഇൻ അപ്ലൈഡ് ക്രിമിനോളജി, സർട്ടിഫിക്കറ്റ് പ്രോഗ്രാം ഇൻ ട്രാൻസ്ലേഷൻ സ്റ്റഡീസ് ആന്റ് പ്രാക്ടിസ്, ഡിപ്ലോമ കോഴ്സ് ഇൻ കൗൺസിലിംഗ്.

ഡിപ്ലോമ കോഴ്സിന് 180 മണിക്കൂറാണ് കോഴ്സ് ദൈർഘ്യം. ഫീസ് 8300 രൂപ. പ്രീഡിഗ്രി/പ്ലസ്ടു കൂടാതെ ഈ വകുപ്പിൽ നടത്തുന്ന സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ കൗൺസിലിംഗ് പാസായിരിക്കണം.

സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ ഓർഗാനിക് ഫാമിംഗ്, സർട്ടിഫിക്കറ്റ് പ്രോഗ്രാം ഇൻ ആർട്ട് ഓഫ് ഹാപ്പിനെസ് - എന്നിവയ്ക്ക് എഴുത്തും, വായനയും അറിഞ്ഞിരുന്നാൽ മതി. പ്രായപരിധി ഇല്ല. വിശദവിവരത്തിന് ഫോൺ: 8301000560, 9544981839, 0481-2731560, 2731724.

(പി.ആർ.ഒ/39/540/2021)

## പരീക്ഷഫലം

2021 മാർച്ചിൽ സ്കൂൾ ഓഫ് ഇന്ത്യൻ ലീഗൽ തോട്ടിൽ നടന്ന പത്താം സെമസ്റ്റർ പഞ്ചവത്സര ബി.ബി.എ. എൽ.എൽ.ബി. (ഓണേഴ്സ് - റഗുലർ, സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജൂലൈ രണ്ടുവരെ നേരിട്ടോ dr7exam@mgu.ac.in എന്ന ഇമെയിൽ വിലാസത്തിലോ അപേക്ഷിക്കാം.

(പി.ആർ.ഒ/39/541/2021)

2019 നവംബറിൽ നടന്ന ഒന്നാം സെമസ്റ്റർ എം.എസ് സി. എൻവയൺമെന്റ് സയൻസ് ആന്റ് മാനേജ്മെന്റ് (സി.എസ്.എസ്.) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജൂലൈ രണ്ടുവരെ ഓൺലൈനായി അപേക്ഷിക്കാം.

(പി.ആർ.ഒ/39/542/2021)

2019 നവംബറിൽ നടന്ന ഒന്നുമുതൽ നാലുവരെ സെമസ്റ്റർ എം.എസ് സി. മാത്തമാറ്റിക്സ് (ഓഫ് കാമ്പസ് - സപ്ലിമെന്ററി/മേഴ്സിചാൻസ്) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും

സൂക്ഷ്മപരിശോധനയ്ക്കും ജൂൺ 25 വരെ നേരിട്ടോ dr7exam@mgu.ac.in എന്ന ഇമെയിൽ വിലാസത്തിലോ അപേക്ഷിക്കാം.

(പി.ആർ.ഒ/39/543/2021)

## വായനാ വാരാചരണത്തിന് ഇന്ന് തുടക്കം (ജൂൺ 19 )

മഹാത്മാഗാന്ധി സർവ്വകലാശാല ലൈബ്രറിയുടെ ആഭിമുഖ്യത്തിലുള്ള വായനാ വാരാചരണ പരിപാടികൾ ഇന്ന് (ജൂൺ 19 ) രാവിലെ 10ന് വൈസ് ചാൻസലർ ഡോ. സാബു തോമസ് ഉദ്ഘാടനം ചെയ്യും. ഓൺലൈനായി സംഘടിപ്പിക്കുന്ന പരിപാടിയിൽ ജ്ഞാനപീഠ പുരസ്കാര ജേതാവ് എം.ടി. വാസുദേവൻ നായർ വായനാദിന സന്ദേശം നൽകും. വാരാചരണത്തിന്റെ ഭാഗമായി ലൈബ്രറി ഓൺലൈൻ മാധ്യമത്തിൽ സാംസ്കാരിക നായകരേയും എഴുത്തുകാരെയും പങ്കെടുപ്പിച്ച് വിവിധ പരിപാടികൾ സംഘടിപ്പിക്കും. ഗ്രന്ഥശാലാ പ്രസ്ഥാനത്തിന്റെ പിതാവ് ശ്രീ. പി എൻ പണിക്കരുടെ ചരമദിനമായ ജൂൺ 19 നാണ് വായനാദിനമായി ആചരിക്കുന്നത്. ജൂൺ 20 ന് ഉച്ചകഴിഞ്ഞ് 3 ന് ഡോ. പി. പി. രവീന്ദ്രൻ, പ്രൊഫ കെ ആർ ചന്ദ്രമോഹൻ, ശ്രീമതി കെ. രേഖ എന്നിവർ വിവിധ വിഷയങ്ങളിൽ പ്രഭാഷണങ്ങൾ നടത്തും. ജൂൺ 21 ന് ഉച്ചകഴിഞ്ഞ് 3 ന് കേരള സാഹിത്യ അക്കാദമി പുരസ്കാര ജേതാവ് നോവലിസ്റ്റ് എസ്. ഹരീഷും ജയശ്രീ കളത്തിലും വായനക്കാരുമായി സംവദിക്കുന്ന പരിപാടിയും സംഘടിപ്പിച്ചിട്ടുണ്ട് .

സൂം , ഫേസ് ബുക്ക് എന്നി മാധ്യമങ്ങളിലൂടെയാണ് ഓൺലൈനായി പരിപാടികൾ നടത്തുന്നത് . വിശദ വിവരങ്ങൾക്ക് എം ജി യൂണിവേഴ്സിറ്റി ലൈബ്രറി വെബ് സൈറ്റ് , ഫേസ്ബുക്ക് പേജ് എന്നിവ സന്ദർശിക്കുക . കൂടുതൽ വിവരങ്ങൾക്ക് ഫോൺ :8289896323.

(പി.ആർ.ഒ/39/544/2021)

**പി.സി. സുരേഷ് കുമാർ**
പബ്ലിക്റിലേഷൻസ് ഓഫീസർ